# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം/പി3/825/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കൊല്ലം

3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.എൽ.എം/പി3/825/20 തീയ്യതി: 13/04/2022

## കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. പി മാതൃൂറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 21-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-07-2020 | 21-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി. സജികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സി. ചന്ദ്രപ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അരുണാദേവി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എസ്. | | | |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിമൽ ചന്ദ്രൻ. ആർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. മാധുരി. കെ. ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| ശ്രീ.വിക്രമൻപിള്ള | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 27-07-2019 | 31-03-2020 |
| ശ്രീമതി. രശ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വി. എസ്. രാജലക്ഷ്മി | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നസീറാ ബീവി. എം | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ഡോ. രാകേഷ്. എം. വി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കടയ്ക്കൽ. | 01-04-2019 | 30-03-2020 |
| ഡോ. രാജ് കപൂർ. ഡി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കടയ്ക്കൽ. | 30-03-2020 | 31-03-2020 |
| ഡോ. ശശി. കെ | മെഡിക്കൽ ഓഫീസർ, നിലമേൽ.സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ. ജോൺ മാത്യൂ | പട്ടികജാതി വികസന ഓഫീസർ. | 01-04-2019 | 11-10-2019 |
| ശ്രീമതി.റീന തോമസ് | പട്ടികജാതി വികസന ഓഫീസർ. | 11-10-2019 | 31-03-2020 |
| ശ്രീമതി. പൗർണ്ണമി. സി. വി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ടോണി. റ്റി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സിന്ധു. പി | സി.എച്ച്.സി, വെളിനെല്ലൂർ | 01-04-2019 | 23-04-2019 |
| ഡോ.അനിത ബി വി | സി.എച്ച്.സി, | 24-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | വെളിനെല്ലൂർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-04-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം(ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: K.P.Mathew Roy (Senior Deputy Director, On 06-04-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-03-2022) | 1-9 |
| 11 | നിലമേൽ മിനി വ്യവസായ കേന്ദ്രം - വാടക ഈടാക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 02-04-2022) | 1-10 |
| 12 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: K.P.Mathew Roy (Senior Deputy Director, On 06-04-2022) | 1-11 |
| 13 | കടയ്ക്കൽ ഗ്രാമ പഞ്ചായത്തിന് ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നല്കൽ, പ്രവൃത്തി ആരംഭിച്ചിട്ടാല്ലതിനാൽ 50,54,734 രൂപാ തടസ്സപ്പെടുത്തുന്നു<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 06-04-2022) | 1-12 |
| 14 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (68/20) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 06-04-2022) | 1-13 |
| 15 | ഡയാലിസിസ് യൂണിറ്റ് - മരുന്ന്/റിയേജന്റ് മുഴുവൻ ലഭ്യമായില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 06-04-2022) | 1-14 |
| 16 | സ്കൂളുകളിൽ ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് നിർവ്വഹണത്തിലെ അപാകതകൾ മൂലം 8,17,600/- രൂപാ തടസ്സപ്പെടുത്തുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 06-04-2022) | |
| 17 | താലൂക്ക് ആശുപത്രിയ്ക്ക് സർജ്ജിക്കൽ ഉപകരണങ്ങൾ വാങ്ങൽ - ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-16 |
| 18 | JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുക തിരിച്ചടവ് കാര്യക്ഷമമാകണം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Rajan.V.D (Senior Grade Auditor, On 29-05-2022) | 1-17 |
| 19 | ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-18 |
| 20 | മെഡിക്കൽ ഓഫീസർ, നിലമേൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-04-2022) | 1-19 |
| 21 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മരുന്ന് വാങ്ങി<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 06-04-2022) | 1-20 |
| 22 | വെളിനെല്ലൂർ, നിലമേൽ സി എച്ച് സി കളിലും ബ്ലോക്ക് ഓഫീസിലും ജൈവ മാലിന്യ സംസ്കരണം - സംസ്കരണ പ്ലാൻറ് പ്രവർത്തന ക്ഷമമായിട്ടില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 05-04-2022) | 1-21 |
| 23 | തോടുകളിൽ ചെക്ക് ഡാം നിർമ്മാണം - ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തേണ്ട സ്ഥലങ്ങളിൽ ഇതര സ്ഥാപനങ്ങൾ നിർവ്വഹണം നടത്തി - പദ്ധതി നിർവ്വഹണത്തിൽ ത്രിതല പഞ്ചായത്തുകൾ തമ്മിൽ ഏകോപനമില്ല.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-22 |
| 24 | വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-23 |
| 25 | കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള 1,26,98,638/- രൂപായുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല,<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 09-03-2022) | 1-24 |
| 26 | വാടക വരവ് - ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Rajan.V.D (Senior Grade Auditor, On 22-03-2022)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 13-12-2021)<br>Last Updated By: Santhosh N (Computer Assistant, On 05-04-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 10-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 09-03-2022) | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ്<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 09-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 09-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 09-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor)<br>Last Updated By: Santhosh N (Computer Assistant, On 04-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

21-02-2019 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം 2019-2020 ലെ ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 03-06-2020 | ---- | ---- |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

2019-2020 വർഷ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആർ.പി.40(ബി) 450430102 സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് (ലോൺ) ക്ലോസിംഗ് ബാലൻസ് 9,105/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലോസിംഗ് ബാലൻസ് 9469 രൂപയാണ്. 364 രൂപയുടെ വ്യത്യാസം കാണുന്നു. റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

2. ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) 160100101 ലെ വരവ് 5,18,33,525/- രൂപയാണ്. എ.സി.ആർ. പ്രകാരം വരവ് 5,26,20,675/- രൂപയാണ്. 7,87,150/- രൂപയുടെ വ്യത്യാസമുണ്ട്.

3. ജനറൽ പർപ്പസ് ഫണ്ട് 2019-2020 വർഷ വരവ് 44,93,000/- രൂപ വരവുണ്ട്. എന്നാൽ ആർ.പി.7/1601000501 പ്രകാരം 41,18,400/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം 3,74,600/-രൂപ.

4. ആർ.പി 7 160100602 അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് ഓഫ് പോവർട്ടി അലീവിയേഷൻ യൂണിറ്റ് ഓഫ് ഡിസ്ട്രിക് പഞ്ചായത്ത് ഹെഡിൽ 1,31,552/- രൂപ വരവുണ്ട്. വരവിന്റെ രേഖകൾ/വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5. ആർ.പി 9 പലിശ വരവ് 17100101 ൽ 2,957/- രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 3,321/- രൂപയാണ്. വ്യത്യാസം 364/- രൂപ. റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

6. ആർ.പി 9 പലിശ വരവ് 171300101 ൽ 38,182രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 66,246/-രൂപയാണ്. 28,064/- രൂപയുടെ വ്യത്യാസമുണ്ട്.

7. ആർ.പി 31 ഗ്രാന്റ്സ്, ഫണ്ട്സ് അൻഡ് കോൺട്രിബ്യൂഷൻ ഫോർ സ്പെസഫിക് പർപ്പസ് 320100110 ഹെഡിൽ 58,000/- രൂപ വരവുണ്ട്. സെൻട്രലി സ്പോൺസേഡ് സ്കീം 320100115 റ്റി.എസ്.സി. ഇനത്തിൽ 1,26,664/- രൂപ വരവുണ്ട്. വിശദംശങ്ങൾ ഹാജരാക്കിയിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അർ.പി.34ലെ 23,159/- രൂപയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. ആർ.പി.36 അദർ ലയബിലിറ്റീസ് ആകെ വരവ് 28,744/- രൂപയാണ്. ഈ ഇനത്തിലെ ചെലവ് 2,02,103/- രൂപയും, ഈ ഇനത്തിൽ ബാലൻസ് ഷീറ്റിൽ 7,940/- രൂപയും

രേഖപ്പെടുത്തിയിരിക്കുന്നത് പൊരുത്തപ്പെടുന്നില്ല.

10. ബാലൻസ് ഷീറ്റ് ബി.9 അദർ ലയബിലിറ്റീസ് റിക്കവറീസ് പേയബിൾ 350200201 ഇൻകം ടാക്സ് ഡിഡക്റ്റഡ് അറ്റ് സോഴ്സിലും 350200203 റിക്കവറീസ് പേയബിൾ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് അക്കൗണ്ടിലും 3,970/- രൂപ വരവുണ്ട് വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

11. ഷെഡ്യൂൾ.ബി.18. ലോൺസ് അഡ്വാൻസസ് അന്റ് ഡെപ്പോസിറ്റ് 2018-2019 വർഷത്തെ ബാലൻസ് ഷീറ്റിലെ തുക കോപ്പി ചെയ്തിരിക്കുകയാണ്. ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 1,26,98,638/- രൂപ 2019-2020 വർഷം ഡെപ്പോസിറ്റ് ഉണ്ട്.

12. അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഏജൻസീസ്-ഡെപ്പോസിറ്റ് വിത്ത് വാട്ടർ അതോറിറ്റിയിൽ 2018-2019 ലെ ഡെപ്പോസിറ്റ് തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2019-2020 വർഷം ഡെപ്പോസിറ്റ് ചെയ്ത തുക 17,57,000/-രൂപ ഉൾപ്പെടുത്തിയിട്ടില്ല.

13. 2019-2020 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്കായി 60,12,738/-രൂപയുടെ പാർട്ട്ബിൽ നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ ബി-11(എ)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0 ആയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

14. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിലെ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15. ആർപി.36. അദർ ലയബിലിറ്റീസ് ഹെഡിലെ വിവിധ കോഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാര്യത ബോധ്യപ്പെട്ടില്ല.

16. എൻ.ആർ.ഈ.ജി.എസ്. വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

17. 2018-19 മാർച്ചിൽ വാടക കുടിശ്ശിക ഇനത്തിൽ ലഭ്യമായ 50,000/-രൂപയുടെ 60% ജില്ലാ പഞ്ചായത്തിന് നൽകാനുണ്ട്. വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിൽ അതിന് ലയബിലിറ്റി ഉൾക്കൊള്ളിച്ചിട്ടില്ല.

18. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്സ് 2018-19 വർഷം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന 2,38,000/-രൂപ തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2019-20 വർഷം ബ്ലോക്ക് പഞ്ചായത്ത് വാടക തുക ഡിമാന്റ് ചെയ്യുകയോ വാടകക്കാരൻ വാടക അടയ്ക്കുകയോ ചെയ്തിട്ടില്ല. 2018-19 വരെ ഈടാക്കാൻ ശേഷിക്കുന്ന അരിയർ തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

20. അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,29,38,096/-രൂപ |
| വരവ് | 9,52,05,780/-രൂപ |
| ആകെ | 14,81,43,876/-രൂപ |
| ചെലവ് | 9,80,51,780/-രൂപ |
| നീക്കിയിരിപ്പ് | 5,00,92,096/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 64664000/- | 64664000/- | 52620675/- | 12043325/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 23482000/- | 23482000/- | 15292869/- | 8189131/- |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 937000/- | 937000/- | 250000/- | 687000/- |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 8108000/- | 8108000/- | 6741715/- | 1366285/- |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | വാർഷിക ധനകാര്യ പത്രികയിൽ തുക ഉൾപ്പെട്ടിട്ടില്ല | | | | |
| ഐ.എ.വൈ | | 13771484/- | 308000/- | 14079484/- | 2059710/- | 12019774/- |
| WGDP | | 0 | 0 | 0 | 0 | 0 |
| SGSY | | 0 | 0 | 0 | 0 | 0 |
| TSC | | 1140089/- | 86089/- | 126664/- | 1266753/- | 1180664/- |
| HARIYALI | | 1799601/- | 63994/- | 1863595/- | 0 | 1863595/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 638103/- | 0 | 638103/- | 0 | 638103/- |
| | ജില്ലാ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2057305/- | 1065833/- | 3123138/- | 553025/- | 2570113/- |
| | ട്രഷറി അക്കൗണ്ട് | 30125070/- | 5680471/- | 35805541/- | 7526644/- | 28278897/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 127 | 15,77,54,502/- | 74 | 7,41,18,109/- | 16 | 37 | 58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രികയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-07-2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം(ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

1. ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡേ ബുക്കിൽ എൻട്രി വരുത്തുന്നില്ല. വരവ് തുകകൾ യഥാസമയം പിരിച്ചെടുക്കുന്നില്ല. ഇതു സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ പരിപാലിക്കുന്നില്ല. മരാമത്ത് പണികൾക്ക് കൃത്യമായ സ്ഥലപരിശോധന, ആവശ്യകത എന്നിവ നിർണ്ണയിച്ചതിന് ശേഷം മാത്രം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും പ്രവർത്തികൾ യഥാസമയം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല. വാടക രജിസ്റ്റർ,

സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

4. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിക്കുന്നത്.

5. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6. ചെലവു് വൗച്ചറുകളിൽ വിവരിക്കുന്ന ചെലവുകൾക്കനുബന്ധമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

7. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂ ചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

8. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

9. പ്രൊക്വയർമെന്റ് മാന്വൽ പ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിക്കുന്നില്ല. മെഡിക്കൽ ഓഫീസർമാരുടെ വാങ്ങൽ നടപടികൾക്ക് പർച്ചെയ്സ് കമ്മിറ്റി കൂടിയിട്ടില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04-10-2019 | 2018-19 | 21-11-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2020 | 01-02-2019 മുതൽ 29-02-2020 വരെ | ലഭിച്ചില്ല |

1-10 നിലമേൽ മിനി വ്യവസായ കേന്ദ്രം - വാടക ഈടാക്കുന്നില്ല.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലമേലിൽ ഒരു മിനിവ്യവസായകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് ഈ ഭൂമിയിൽ വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എട്ട് യൂണിറ്റുകൾ/കടമുറികളിലായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. നിലവിൽ 1 മുതൽ 6 വരെ യൂണിറ്റുകളിൽ ശ്രീ.ആർ.എസ്. ലാൽ എന്നയാളുടെ വ്യവസായ യൂണിറ്റും 7,8 കടമുറികളിൽ ശ്രീ.അഭിലാഷ് മാധവന്റെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ജില്ലാ പഞ്ചായത്ത് മുഖേന ജില്ലാ വ്യവസായ ഓഫീസർ വാടകക്കാരുമായി എഗ്രിമെന്റ് ചമയ്ക്കുകയും വാടക പിരിവിന്റെ 60% ജില്ലാ പഞ്ചായത്തിനും 40% ബ്ലോക്ക് പഞ്ചായത്തിനുമാണെന്ന് ജില്ലാ പഞ്ചായത്തിന്റെ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് വാടക്കാരനായിരുന്ന ശ്രീ.ആർ.എസ് ലാൽ 50,000/- രൂപ അടച്ചിട്ടുണ്ട്.

2019-2020 വർഷം വ്യവസായ യൂണിറ്റുകളുടെ വാടക ഈടാക്കുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്തുമായി വാടകക്കാർ 2019-2020 വർഷം വാടക പുതുക്കി ചമച്ച എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ കരാറിന്റെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് നൽകിയിട്ടില്ല.

2. 2018-2019 മാർച്ചിൽ വാടക കുടിശ്ശിക ഇനത്തിൽ ലഭ്യമായ 50,000/- രൂപയുടെ 60% ജില്ലാ

പഞ്ചായത്തിന് നൽകിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ അത് ലയബിലിറ്റിയായി കാണിച്ചിട്ടില്ല.

3. 2018-2019 സാമ്പത്തികവർഷത്തെ ബാലൻസ് ഷീറ്റിൽ 2018-2019 സാമ്പത്തിക വർഷത്തെ കുടിശ്ശികയായി ബി15 ഷെഡ്യൂളിൽ 2,38,000 രൂപ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ് കറന്റ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 2019-2020 ൽ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ് അരിയറായി ഇതേ തുക രേഖപ്പെടുത്തിയിരിക്കുന്നു. 2019-2020 ലെ വാടക വാടകക്കാരൻ അടയ്ക്കുകയോ അത് കിട്ടാനുള്ളതായി അക്കൌണ്ട്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11.03.2019ലും 21.07.2019, 16.12.2019 എന്നീ തീയതികളിൽ വാടകക്കാരന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയതിന്റെ രേഖകൾ ഹാജരാക്കുകയും 14.01.2020ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ സെക്രട്ടറി വിഷയം അവതരിപ്പിച്ചുവെങ്കിലും റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് പിന്നീട് വിശദമായി ചർച്ചചെയ്യാൻ കമ്മിറ്റി തീരുമാനിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വാടക രജിസ്റ്റർ പരിപാലിച്ച് കുടിശ്ശിക വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ വാടക അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെ ഉള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതും ഈടാക്കുന്ന വാടകയുടെ ജില്ലാ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 14/15.07.2020. |

1-11 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

1) 2019-20 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12, തീയതി15-07-20) ടിതുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ ഓഫീസിൽ കത്തുനല്കിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. 2019-20 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2) 2019-20 സാമ്പത്തിക വർഷത്തിൽ ഭാഗികബിൽ നല്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ റീടെൻഷൻ ഇനത്തിൽ ഈടാക്കിയിട്ടുള്ള 2.5% തുക തിരികെ കരാറുകാർക്ക് നല്കിയിട്ടില്ല. ഇപ്രകാരം റീടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാർക്ക് നല്കാതിരുന്നതിന് വിശദീകരണം, ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12, തീയതി 15-07-20) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുള്ള റീടെൻഷൻ തുക കരാറുകാർക്ക് നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നല്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.റീടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാർക്ക് തിരികെ നല്കി വിവരം അറിയിക്കേണ്ടതാണ്.

1-12 കടയ്ക്കൽ ഗ്രാമ പഞ്ചായത്തിന് ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നല്കൽ, പ്രവൃത്തി ആരംഭിച്ചിട്ടാല്ലതിനാൽ 50,54,734 രൂപാ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-കടയ്ക്കൽ ഗ്രാമ പഞ്ചായത്തിന് ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നല്കൽ (23/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക-5054734 (വികസന ഫണ്ട്)

ചെലവ്- 5054734 രൂപാ

ബിൽ നം23/19-20,23-10-2019-3000000 രൂപാ

ബിൽ നം25/19-20,28-10-2019-2054734 രൂപാ

ബിൽ നം23/19-20, 23-10-2019, 25/19-20, 28-11-2019 എന്നിവ പ്രകാരം ആകെ 50,54,734/- രൂപാ പിൻവലിച്ച് കടയ്ക്കൽ ഗ്രാമ പഞ്ചായത്തിന് കൈമാറി.

ഇതു സംബന്ധിച്ച് കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള കത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 10-01-2020 ലെ യോഗത്തിൽ നിർവ്വഹണം സിഡ്കോയെ ഏല്പിക്കുവാൻ തീരുമാനിച്ചെന്നും, നിർവ്വഹണ ഏജൻസിയിൽ നിന്ന് ഒർജിനൽ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് ജി.ഒ.(എം.എസ്) നം 72/17/ത.സ്വ.ഭ.വ. ഖണ്ഡിക 6.5, ജി.ഒ.(പി) നം. 100/18/ഫിൻ, 03/07/2018 എന്നീ ഉത്തരവുകളിലെ നിർദ്ദേശം മറികടന്ന് തുക നല്കിയതിനാലും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാലും കടയ്ക്കൽ ഗ്രാമ പഞ്ചായത്തിനു നല്കിയിട്ടുള്ള 50,54,734/- രൂപാ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ഇല്ലായെങ്കിൽ തുക തിരികെ വാങ്ങി സഞ്ചിത നിധിയിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

തടസ്സം : 50,54,734/-രൂപ.

ഓഡിറ്റ് എൻക്വയറി നം : 15/17-07-2020.

1-13 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (68/20) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി(68/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക- ₹ 9,37,000/- (വികസന ഫണ്ട്, ടി എസ്. പി)

ചിലവ്-₹ 2,50,000/-

ബിൽ നം 38/ 19-20 തീയതി 10-12-19

താഴെക്കൊടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ബിൽ നം 38/ 19-20 തീയതി 10-12-19 പ്രകാരം 250000രൂപാ പിൻവലിച്ച് 50000 രൂപാ ക്രമത്തിൽ നല്കി.

1) ശ്രീലക്ഷ്മി പ്രദീപൻ

2) നയന എ. ജെ

3) ഗിത്യ ജി ആർ

4) രാഹുൽ ദേവ്

5) വിമൽ കൃഷ്ണ

ടി പ്രോജക്ടിനായി 2,00,000/-രൂപ വരെ നൽകാവുന്നതും അതിൽ 50,000/- മുൻകൂറായി നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ

അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത്. ഗുണഭോക്താക്കൾ ആരും തന്നെ എല്ലാ ഗഡുക്കളും കൈപ്പറ്റി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ അഡ്വാൻസ് നൽകുന്നതിനു വേണ്ടി ചെലവഴിച്ചിട്ടുള്ള 2,50,000/- രൂപാ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിച്ച്, വിവരം അറിയിക്കുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം- 15, തീയതി 15-07-2020

തടസ്സപ്പെടുത്തുന്ന തുക-2,50,000/- രൂപാ

1-14 ഡയാലിസിസ് യൂണിറ്റ് - മരുന്ന്/റിയേജന്റ് മുഴുവൻ ലഭ്യമായില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്.-77/2019-2020 | |
| പദ്ധതിയുടെ പേര് | ഡയാലിസിസ് യൂണിറ്റിന്റെ തുടർ പ്രവർത്തനം. | |
| ഫണ്ട്, അടങ്കൽ തുക | മെയിന്റനൻസ് ഗ്രാന്റ് | ₹10,00,000/- |
| ചെലവ് - ബിൽ നമ്പർ, തീയതി | 05/2019-2020 /22.09.2019 | ₹6,99,984/- |

2019-2020 സാമ്പത്തിക വർഷം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നു വാങ്ങൽ പദ്ധതിയിൽ പി.ആർ.എഫ്. 675/09.08.2019 പ്രകാരമുള്ള മരുന്നുകൾ/റിയേജന്റുകൾക്കായി 6,99,984/- രൂപ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (₹) |
|---|---|---|
| 1 | 6626/07.10.2019 | 65,996/- |
| 2 | 10680/13.02.2020. | 1,00,610/- |
| 3 | 10684/13.02.2020 | 1,46,713/- |
| 4 | 11024/15.02.2020 | 43,358/- |
| 5 | 11001/15.02.2020 | 6,098/- |
| 6 | 11104/19.02.2020 | 1,301/- |
| 7 | 830/21.04.2020 | 2,92,867/- |
| | ആകെ | 6,56,943/- |

ഈ പട്ടിക പ്രകാരം 43,041/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 13/15.07.2020

1-15 സ്കൂളുകളിൽ ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് നിർവ്വഹണത്തിലെ അപാകതകൾ മൂലം 8,17,600/- രൂപാ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്--6 സ്കൂളുകളിൽ ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് (82/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. എക്സി. എഞ്ചിനീയർ

അടങ്കൽ തുക -20,44,000/- രൂപ

നിർവ്വഹണ ഏജൻസി- ഐ ആർ സി ടി, പാലക്കാട്.

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ഐ ആർ സി ടി എന്ന സ്ഥാപനവുമായി 13-12-2018 ൽ കരാറിലേർപ്പെട്ടു. കരാറിലെ വ്യവസ്ഥ പ്രകാരം താഴെ കൊടുത്തിരിക്കുന്ന 6 സ്കൂളുകളിൽ ജൈവ

മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കേണ്ടതാണ്.

1. വയലാ ജി എച്ച് എസ്

2. ചിതറ, ജി എച്ച് എസ്

3. കടയ്ക്കൽ ,ജി എച്ച് എസ്

4. ചടയമംഗലം, ജി എച്ച് എസ്

5. കുമ്മിൾ ,ജി എച്ച് എസ്

6. വയലാ, എൻ വി യു പി എസ്

പ്രവൃത്തി പൂർത്തീകരണ സമയം ആദ്യ മുൻകൂർ കൈപ്പറ്റി 6 മാസമാണ്. കരാറിലെ വ്യവസ്ഥ പ്രകാരം മൊത്തം അടങ്കൽ തുകയുടെ 20% തുകയായ 4,08,800/- രൂപ 22-12-2018 ലെ ബിൽ നമ്പർ 11 പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് കൈമാറി.

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 22-01-19 ലെ 11(7) നമ്പർ തീരുമാന പ്രകാരം ടി പ്രോജക്ട് താഴെപ്പറയുന്ന സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നല്കി.

1. ചിതറ, എൽ പി എസ്

2. വയലാ, യു പി എസ്

3. അമ്പലം കുന്ന്, എൽ പിഎസ്

4. നിലമേൽ, യുപിഎസ്

5. ചടയമംഗലം, എം ജി എച്ച് എസ് എസ്

6. സിപി എച്ച് എസ്, കുറ്റിക്കാട്

നിർവ്വഹണ ഏജൻസി ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി.എഞ്ചിനീയർക്ക് 02-07-2019 ൽ നല്കിയിട്ടുള്ള കത്തിൽ കടയ്ക്കൽ ഗവ. ഹൈസ്കൂൾ, ചിതറ യു പി സ്കൂൾ എന്നിവിടങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഒന്നാം ഗഡു പൂർണ്ണമായും ചെലവഴിച്ചെന്നും, അടുത്ത ഗഡുക്കൾ എത്രയും പെട്ടെന്ന് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. ഇതിൻപ്രകാരം 20% തുകയായ 4,08,800/- രൂപ 07-09-19 ലെ ബിൽ നം 07/19-20 പ്രകാരം പിൻവലിച്ച് നിർവ്വഹണ ഏജൻസിക്ക് നല്കി. പദ്ധതി നിർവ്വഹണത്തിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1. നിർവ്വഹണ ഏജൻസിയെ തെരെഞ്ഞടുത്തത് എപ്രകാരമണെന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കേരളാ ശുചിത്വ മിഷന്റെ അംഗീകാരം പ്രോജക്ടിന് ലഭിച്ചതിന്റെ രേഖകൾ ഉൾപ്പടുത്തിയിട്ടില്ല

3. ഗുണഭോക്തൃ സ്ഥാപനങ്ങളെ തെരെഞ്ഞടുത്തതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

4. കരാറിലേർപ്പെട്ടിട്ടുള്ള സ്കൂളുകളിൽ നിന്നും വ്യത്യസ്തമായ സ്കൂളുകളിൽ നിർവ്വഹണം നടത്തുവാനാണ് പഞ്ചായത്ത് കമ്മറ്റി നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായ സ്കൂളുകളിൽ നിർവ്വഹണം നടത്തിയിട്ടുള്ളതായാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

5. ഗുണഭോക്തൃ സ്ഥാപനങ്ങളെ തെരെഞ്ഞടുക്കുന്നതിനു മുമ്പുതന്നെ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് മുൻകൂർ നല്കി.

6. സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളല്ല. അവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ ഉണ്ടെന്നിരിക്കേ, ഇപ്രകാരം ഒരു പ്രോജക്ട് ഏറ്റെടുത്തത് ക്രമവിരുദ്ധമാണ്.

അപാകതകൾ ചൂണ്ടിക്കാട്ടിയും, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എപ്രകാരമാണെന്ന് ആരാഞ്ഞുകൊണ്ടും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം, 8, തീയതി 14-07-2020) ഗുണഭോക്തൃ സ്ഥാപനങ്ങളെ അംഗീകരിച്ചു നല്കിയത് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയാണെന്നും, ഐ ആർ സി ടി യുടെ കത്തിൽ വന്ന പിഴവ് കാരണം പേരിൽ വ്യത്യാസം ഉണ്ടായതാണെന്നും, നിലവിൽ ചിതറ എൽ പി എസ്, നിലമേൽ യു പി എസ്, ചടയമംഗലം എം ജി എച്ച് എസ് എസ്, സി പി എച്ച് എസ്, കുറ്റിക്കാട് എന്നിവിടങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നെന്നും മറ്റ് രണ്ട് സ്കൂളുകളിലെ പ്രവൃത്തി ഉപേക്ഷിച്ചെന്നും മറുപടി നല്കി.

മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ മൂലം ടി പ്രോജക്ടിനായി നല്കിയിട്ടുള്ള 8,17,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക - 8,17,600/- രൂപ .

ഓഡിറ്റ് അന്വേഷണം - നം. 8, തീയതി 14-07-2020 .

1-16 താലൂക്ക് ആശുപത്രിയ്ക്ക് സർജ്ജിക്കൽ ഉപകരണങ്ങൾ വാങ്ങൽ - ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്.0134/2020 | |
| പേര് | കടയ്ക്കൽ താലൂക്ക് ആശുപത്രിയ്ക്ക് സർജ്ജിക്കൽ വാർഡിലും യൂണിറ്റിലും സർജ്ജിക്കൽ ഉപകരണങ്ങൾ വാങ്ങൽ. | |
| ഫണ്ട്, അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് | ₹ 5,00,000/- |
| ചെലവ്, ബിൽ നമ്പർ, തുക | 19040863072801045659/06.01.2020 | ₹ 1,43,754/- |

ഈ പദ്ധതിയിൽ ചുവടെ ചേർക്കും വിധം വാങ്ങൽ നടപടികൾ നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണങ്ങൾ | ഏജൻസി | തുക (₹) |
|---|---|---|---|
| 1 | വേസ്റ്റ് കാരിയിംഗ് ട്രോളി | സിഡ്കോ, കൊല്ലം | 44,354/- |
| 2 | ഇ.സി.ജി മെഷീൻ | കെ.എ.എസ്.സി.എൽ മുഖേന ബി.പി.എൽ. ഏജൻസീസ് | 48,160/- |
| 3 | സ്ട്രെച്ചർ, ട്രോളി, വീൽചെയർ, സ്റ്റീൽ കാബിനെറ്റ് | അഷാൻ പ്രോഡക്ട്സ്, ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 51,240/- |

ടി പട്ടികയിലെ ക്രമ നമ്പർ 3 ലെ അഷാൻ പ്രോഡക്ട്സ്, ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്ന് ക്വട്ടേഷൻ നടപടികൾ കൂടാതെ വാങ്ങിയിരിക്കുന്നതായി രേഖകൾ പ്രകാരം കാണുന്നു. ക്വട്ടേഷൻ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 51,240/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ക്വട്ടേഷൻ നടപടികളുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പടുത്തുന്ന തുക – 51,240/- രൂപ .

ഓഡിറ്റ് എൻക്വയറി നമ്പർ – 18/17.07.2020 .

1-17 JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുക തിരിച്ചടവ് കാര്യക്ഷമമാകണം

വികസനഫണ്ട് (ജനറൽ)

അടങ്കൽ തുക-10,00,000/-രൂപ

ചെലവ് തുക-2,50,000/-രൂപ

DEO നിർവഹണ ഉദ്യോഗസ്ഥയായി കന്നുകാലിവളർത്തൽ ഉപജീവനമാക്കിയ JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് (2019-20) പ്രകാരം ചടയമംഗലം ബ്ലോക്ക് പരിധിയിലെ വിവിധ ക്ഷീരോല്പാദക ഗ്രൂപ്പുകൾക്കായി ആകെ 2,50,000/-രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നല്കിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നല്കിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. തുക കൃത്യമായ ഇടവേളകളിൽ തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | നല്കിയ തുക(₹) | ബിൽ നം/തീ | തിരിച്ചടച്ച തുക (₹) |
|---|---|---|---|---|
| 1 | നന്മ ക്ഷീരസ്വയം സഹായ സംഘം | 50,000/- | CB/RF/1/19-20;6-11-2019 | 9,500/- |
| 2 | നക്ഷത്ര ക്ഷീരോല്പാദക സഹായ സംഘം | 50,000/- | CB/RF/1/19-20;6-11-2019 | 7,000/- |
| 3 | ഗോവർദ്ധിനി ക്ഷീരോല്പാദക ഗ്രൂപ്പ് | 50,000/- | CB/RF/2/19-20;7-2-2020 | 0 |
| 4 | ജയ് മാതാ ക്ഷീര കർഷക ഗ്രൂപ്പ് | 50,000/- | CB/RF/3/19-20;27-2-2020 | 5,500/- |
| 5 | നന്ദിനി ക്ഷീരോല്പാദക സഹായസംഘം | 50,000/- | CB/RF/4 /19-20;17-3-2020 | 10,000/- |

1-18 ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു

2019-2020-ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണം (ജനറൽ)-27/2020; ലൈഫ് ഭവനനിർമ്മാണം (എസ് സി പി)-64/2020 എന്നീ പദ്ധതികളിലായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകൾക്കായി വിഹിതം നല്കിയിരുന്നു. നാല് പഞ്ചായത്തുകൾ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | നല്കിയ തുക (₹) | | UC ലഭ്യമായ തുക (₹) | | UC ലഭ്യമാകാൻ അവശേഷിക്കുന്ന തുക (₹) | |
|---|---|---|---|---|---|---|---|
| | | ലൈഫ് (ജന) | ലൈഫ് (Scp) | ലൈഫ് (ജന) | ലൈഫ് (Scp) | ലൈഫ് (ജന) | ലൈഫ് (Scp) |
| 1 | ചിതറ | 79,54,337/- | 28,72,224/- | 79,54,337/- | 4,00,000/- | 0 | 24,72,224/- |
| 2 | കടയ്ക്കൽ | 10,22,582/- | 3,98,915/- | 0 | 0 | 10,22,582/- | 3,98,915/- |
| 3 | വെളിനല്ലൂർ | 18,32,835/- | 4,78,698/- | 15,65,846/- | 4,78,698/- | 2,66,989/- | 0 |
| 4 | ഇളമാട് | 7,13,841/- | 11,16,962/- | 7,13,841/- | 9,80,000/- | 0 | 1,36,962/- |
| ആകെ | | | | | | 12,89,571/- | 30,08,101/- |
| (ലൈഫ് ജനറൽ & ലൈഫ് SCP) | | | | | | 42,97,672/- രൂ | |

1-19 മെഡിക്കൽ ഓഫീസർ, നിലമേൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ നിലമേൽ സി.എച്ച്.സിയിൽ 2018-2019, 2019-2020 വർഷങ്ങളിൽ നടപ്പിലാക്കിയ വയോജന സൗഹൃദ ആശുപത്രി സ്ഥാപിക്കൽ എന്ന പദ്ധതിയിലാണ് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമല്ലാതെ വാങ്ങൽ നടപടി നടത്തിയിട്ടുള്ളത്.

ഈ പദ്ധതിയുടെ നിർവ്വഹണരേഖകൾ പരിശോധിച്ചതിൽ വയോജന സൗഹൃദ ആശുപത്രി

സ്ഥാപിക്കുന്നതിലേക്കായി എയർ കണ്ടീഷണർ, കസേര, ഇൻവെർട്ടർ, ലോക്കർ, ഹോസ്പിറ്റൽ കോട്ട്, സ്റ്റീൽ സ്റ്റൂൾ, ടെലിവിഷൻ, മെത്ത മുതലായ സാധനങ്ങൾ/ഉപകരണങ്ങൾ ഹോസ്പിറ്റലിലെ ഉദ്യോഗസ്ഥർ മാത്രം ഉൾപ്പെട്ട പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങിയിരിക്കുന്നു. 08.11.2010ലെ സ.ഉ.(പി) 259/2010/ത.സ്വ.ഭ.വ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, വൈസ് പ്രസിഡന്റ്, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും ഇംപ്ലിമെന്റിംഗ് ഓഫീസർമാരും ഉൾപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാങ്ങൽ നടത്തേണ്ടത് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള വാങ്ങൽ നടപടകൾ നടത്തിയിട്ടില്ല. സി.എച്ച്.സിയിലെ ജീവനക്കാരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ വാങ്ങൽ നടപടികൾ അംഗീകരിക്കത്തക്കതല്ല.

ഈ നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. സർക്കാർ മാർഗ്ഗരേഖകളും നടപടിക്രമങ്ങളും അവഗണിച്ച് വാങ്ങൽ നടത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-20 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മരുന്ന് വാങ്ങി

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിലമേൽ സി.എച്ച്.സി, വെളിനെല്ലൂർ സി.എച്ച്.സി. എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ മരുന്ന് വാങ്ങൽ നടത്തിയിട്ടുള്ളത്.

എ) വെളിനെല്ലൂർ സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ.

| | | | |
|---|---|---|---|
| പദ്ധതിനമ്പർ | എസ്.007/2019-2020 | | |
| പദ്ധതി പേര് | മരുന്ന് വാങ്ങൽ | | |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | | |
| അടങ്കൽ | ₹ 6,00,000/- | | |
| ചെലവ് | ബിൽ നമ്പർ, തീയതി | 190408630729005l5262/ 29.08.2019 | ₹ 1,00,000/- |
| | | 19040863072901185876/ 31.01.2020 | ₹ 5,00,000/- |

ബി) വെളിനെല്ലൂർ സി.എച്ച്.സിയ്ക്ക് സെക്കന്ററി പാലിയേറ്റീവ് യൂണിറ്റ്.

| | | |
|---|---|---|
| പദ്ധതിനമ്പർ | എസ്.65/2019-2020 | |
| പേര് | സെക്കന്ററി പാലിയേറ്റീവ് യൂണിറ്റ് | |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് | ₹7,00,000/- |
| ചെലവ് ബിൽ നമ്പർ, തീയതി (മരുന്നുകൾക്ക് മാത്രം ചെലവായ തുക) | 12/2019-2020 /31.03.2020 | ₹2,59,619/- |

സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ കെ.എം.എസ്സ്.സി.എൽ നിന്നാണ് വാങ്ങേണ്ടത് എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ)2230/2018 ആ .കു.വ. തീയതി 10-7-18 പ്രകാരം എസ്.എ.ടി.ആശുപത്രിയുടെ നിയന്ത്രണത്തിലുള്ള എസ്.എ.ടി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും സാധാരണ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് മരുന്ന് വാങ്ങുന്നതിന് കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പി.എച്ച്.സി.കളിൽ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതിയിൽ നേരിട്ട് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്ന് വാങ്ങിയിരിക്കുന്നു. ടെൻഡർ നടപടി കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങാൻ അനുവദിച്ചിട്ടില്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമവിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ യഥാസമയത്തും കുറഞ്ഞ വിലയിലും ലഭ്യമായതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് വാങ്ങൽ നടപടിക്രമങ്ങളിലൂടെ മാത്രം വാങ്ങണമെന്ന് നിർദ്ദേശിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 07/13.07.2020 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിലമേൽ. |
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/15.07.2019 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വെളിനല്ലൂർ. |

1-21 വെളിനെല്ലൂർ, നിലമേൽ സി എച്ച് സി കളിലും ബ്ലോക്ക് ഓഫീസിലും ജൈവ മാലിന്യ സംസ്കരണം - സംസ്കരണ പ്ലാൻറ് പ്രവർത്തന ക്ഷമമായിട്ടില്ല.

പ്രോജക്ട്-വെളിനെല്ലൂർ, നിലമേൽ സി എച്ച് സി കളിലും ബ്ലോക്ക് ഓഫീസിലും ജൈവ മാലിന്യ സംസ്കരണം (93/20).

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

അടങ്കൽ തുക – 6,04,699/-രൂപ (വികസന ഫണ്ട്).

ചിലവ് - 2,25,163/- രൂപ.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വെളിനെല്ലൂർ, നിലമേൽ സി എച്ച് സി കളിലും ബ്ലോക്ക് ഓഫീസിലും ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി 2019-20 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി തുടർന്നുവരുന്നു. 12,00,000/- രൂപയുടെ ഭരണ സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടിനായി ഐ ആർ ടി സി പാലക്കാട് എന്ന സ്ഥാപനവുമായി 27-01-2018 ൽ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. 2019-20 ൽ തയ്യാറാക്കിയിട്ടുള്ള അന്തിമബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 8.20,464/-രൂപയാണ്. ഇതിൽ 5,95,301/- രൂപ മുൻവർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതും,അവശേഷിച്ച 2,25,163/- രൂപ ബിൽ നം 31, തീയതി 06-11-2019 പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നല്കിയിട്ടുള്ളതുമാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രദേശത്ത് സ്ഥാപിച്ച മാലിന്യ സംസ്കരണ പ്ലാന്റിന്റെ നേരിട്ടുള്ള പരിശോധനയിൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കണ്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15, തീയതി 17-07-2020) മൂന്നു പ്ലാന്റും പ്രവർത്തന സജ്ജമാണെങ്കിലും ജീവനക്കാർക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് പരിശീലനം ലഭിച്ചിട്ടില്ലാത്തതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും ഉടൻതന്നെ ജീവനക്കാർക്ക് പരിശീലനം ലഭ്യമാക്കി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്.

8,20,464/- രൂപ ചിലവഴിച്ച്, അന്തിമബിൽ തുക 06-11-2019 ൽ നല്കി, മാലിന്യ സംസ്കരണം അനിവാര്യ ആവശ്യമായ ആശുപത്രികൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ സ്ഥാപിച്ച പ്ലാന്റുകൾ നാളിതുവരെയും പ്രവത്തിക്കാതിരിക്കുന്നത് തികഞ്ഞ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-22 തോടുകളിൽ ചെക്ക് ഡാം നിർമ്മാണം - ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തേണ്ട സ്ഥലങ്ങളിൽ ഇതര സ്ഥാപനങ്ങൾ നിർവ്വഹണം നടത്തി - പദ്ധതി നിർവ്വഹണത്തിൽ ത്രിതല പഞ്ചായത്തുകൾ തമ്മിൽ ഏകോപനമില്ല.

പ്രവൃത്തി-തോടുകളിൽ ചെക്ക് ഡാം നിർമ്മാണം.
അടങ്കൽ തുക -38,64,600/-രൂപ (വികസന ഫണ്ട് ).
കരാറുകാർ- ശ്രീ. ജെ. അനിൽ കുമാർ.
കരാർ-39/AEE/LSGD/CDLM/17-18/, 31-03-2018.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന താഴെ കൊടുത്തിട്ടുള്ള 8 തോടുകളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്.

| ക്ര.നം | നിർമ്മാണ സ്ഥലം | തുക (₹) |
|---|---|---|
| 1 | ചെക്ക് ഡാം മുണ്ടമൺവിള, ഇട്ടിവാ ഗ്രാ,പ. | 6,12,556.4 |
| 2 | ചെക്ക് ഡാം ആയിത്തലത്തോട്, ചടയമംഗലം ഗ്രാ.പ. | 3,87,448.59 |
| 3 | ചെക്ക് ഡാം വേയ്ക്കൽ തോട് നിലമേൽഗ്രാ.പ. | 5,07,889.85 |
| 4 | ചെക്ക് ഡാം ഇടത്തറപ്പണ റോഡ്, ഇളമാട് ഗ്രാ.പ. | 3,79,648.74 |
| 5 | ചെക്ക് ഡാം മാങ്കോട് തോട്, കുമ്മിൾ ഗ്രാ.പ. | 5,38,497.57 |
| 6 | ചെക്ക് ഡാം കൊല്ലായിൽ തോട്, ചിതറ ഗ്രാ.പ. | 5,38,497.57 |
| 7 | ചെക്ക് ഡാം പാലയ്ക്കൽ തോട്, കടയ്ക്കൽ ഗ്രാ.പ. | 3,80,587.56 |
| 8 | ചെക്ക് ഡാം മുളയറച്ചാൽ, വെളിനല്ലൂർ ഗ്രാ.പ. | 5,18,928.26 |
| | ആകസ്മിക ചെലവ് | 545 |

| | | |
|---|---|---|
| | ആകെ | 38,64,600 |

ശ്രീ. ജെ. അനിൽകുമാർ കരാറുകാരനായി, 31-03-18 ൽ കരാർ വച്ച പ്രവൃത്തിയിൽ ക്രമ നം 3,4,8 എന്നിവ പ്രകാരമുള്ള ചെക്ക് ഡാം നിർമ്മാണം നടത്താതെയാണ് അന്തിമബിൽ നല്കിയിരിക്കുന്നത്. ഇപ്രകാരം 3,4,8 എന്നീ ക്രമനമ്പർ പ്രകാരമുള്ള തടയണകൾ നിർമ്മിക്കാതെ അന്തിമബിൽ നല്കിയതിന് കാരണം ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12, തീയതി 15-07-2020) പ്രസ്തുത പ്രവൃത്തിയിൽ ഇളമാട്, നിലമേൽ, വെളിനല്ലൂർ എന്നീ സ്ഥലങ്ങളിൽ ഗ്രാമ പഞ്ചായത്ത്/ഇറിഗേഷൻ ചെക്ക് ഡാം നിർമ്മാണം നടത്തിയതിനാലാണ് ചെക്ക് ഡാം നിർമ്മിക്കാൻ കഴിയാതിരുന്നത് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനം/ വകുപ്പ് നിർമ്മാണം നടത്തിയ സ്ഥലത്തല്ല ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തുന്നത് എന്ന് ഉറപ്പാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടി നിർമ്മാണം ആരംഭിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കടയ്ക്കൽ താലൂക്ക് ആശുപത്രി, വെളിനെല്ലൂർ സി.എച്ച്.സി, നിലമേൽ താലൂക്ക് ആശുപത്രി എന്നീ ആശുപത്രികളിലേക്ക് നടപ്പിലാക്കിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ. താലൂക്ക് ആശുപത്രി, കടയ്ക്കൽ

(1) കടയ്ക്കൽ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ

| പദ്ധതി നമ്പർ | എസ്. 65/2019-2020 | |
|---|---|---|
| പേര് | കടയ്ക്കൽ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | |
| ഫണ്ട്, അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ₹ 7,00,000/- |
| ചെലവ് , ബിൽ നമ്പർ, തുക | 2 / 29.08.2019 | ₹ 7,00,000/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി പി.ആർ.എഫ്.777/ 19.08.2019 പ്രകാരം 7,00,000/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (₹) |
|---|---|---|
| 1 | 10897/13.02.2020 | 12,750/- |
| 2 | 5855/31.08.2019 | 2,37,892/- |
| 3 | 590/31.08.2019 | 35,759/- |
| | അകെ | 2,86,401/- |

ഈ പട്ടിക പ്രകാരം 4,13,599/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

(2) സാന്ത്വന പരിചരണം

| പദ്ധതി നമ്പർ | എസ്. 74/2019-2020 | |
|---|---|---|
| പേര് | സാന്ത്വനപരിചരണം | |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട്, ജനറൽ | ₹ 7,00,000/- |
| ചെലവ്, ബിൽ നമ്പർ, തുക | 05/29.08.2019 | ₹ 1,21,425/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി പി.ആർ.എഫ്.639/07.08.2019 പ്രകാരം 1,21,425/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട് . ഇൻവോയ്സ് നമ്പർ 5866/31.08.2019 പ്രകാരം 41,343/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 80,082/- രൂപയുടെ മരുന്ന് ലഭ്യമാകാൻ

ശേഷിക്കുന്നു.

| ഓഡിറ്റ് എൻക്വയറി നമ്പർ | 18/17.07.2020 |
|---|---|

ബി) സി.എച്ച്.സി.വെളിനല്ലൂർ

(1) വെളിനെല്ലൂർ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

| പദ്ധതി നമ്പർ | എസ്. 65/2019-2020 | |
|---|---|---|
| പേര് | വെളിനെല്ലൂർ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | |
| ഫണ്ട്, അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ₹6,00,000/- |
| ചെലവ്, ബിൽ നമ്പർ, തുക | 2/24.01.2020 | ₹6,00,000/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി പി.ആർ.എഫ്.1029/05.09.2019 പ്രകാരം 6,00,000/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (₹) |
|---|---|---|
| 1 | 10465/01.02.2020 | 3,03,938/- |
| 2 | 1772/11.02.2020 | 1,22,616/- |
| 3 | 1125/25.04.2020 | 35,504/- |
| 4 | 389/03.05.2020 | 41,265/- |
| 5 | 4709/25.06.2020 | 63,666/- |
| | | 5,66,989/- |

ഈ പട്ടിക പ്രകാരം 30,011/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

(2) സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റ്

| പദ്ധതി നമ്പർ | എസ്. 74/2019-2020 | |
|---|---|---|
| പേര് | സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റ് | |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട്, ജനറൽ | ₹ 7,00,000/- |
| മരുന്നിന് ചെലവായ ബിൽ നമ്പർ, തുക | 08/ 12.12.2020 | ₹ 87,500/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിലേക്കായി പി.ആർ.എഫ്.2995/05.12.2019 പ്രകാരം 87,500 രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 31/27.04.2020 പ്രകാരം 35,945 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 51,555 രൂപയുടെ മരുന്ന് ലഭ്യമാകാൻ ശേഷിക്കുന്നു.

| ഓഡിറ്റ് എൻക്വയറി നമ്പർ | 18/15.07.2020 |
|---|---|

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ഹാജരാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച്, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-24 കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള 1,26,98,638/- രൂപായുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല,

വിവിധ കുടിവെള്ള പദ്ധതിക്കായി കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ 2019-20 സാമ്പത്തിക വർഷം വരെ ഒടുക്കുവരുത്തിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള തുകകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല.

| ക്രമ | പ്രവൃത്തിയുടെ പേര് | വർഷം | തുക ഒടുക്കിയ | തുക (₹) |
|---|---|---|---|---|

| നം | | | തീയതി | |
|---|---|---|---|---|
| 1 | കല്ലുമല കോളനി കുടിവെള്ള പദ്ധതി | 2016-17 | 23-03-2017 | 5,27,000/- |
| 2 | എസ് സി കോളനി കുടിവെള്ള പദ്ധതി | 2017-18 | 14-11-2017<br>13-03-2018 | 60,00,000/-<br>18,00,000/- |
| 3 | കൊച്ചരിപ്പ കുടിവെള്ള പദ്ധതി | 2017-18 | 13-03-2018<br>23-03-2018 | 3,53,556/-<br>85,714/- |
| 4 | പുലിക്കോട്/വണ്ടിപ്പുര കോളനി കുടിവെള്ള പദ്ധതി | 2017-18<br>2018-19 | 10-07-2017<br>20-08-2018 | 5,00,000/-<br>4,71,400/- |
| 5 | എസ് സി കോളനി കുടിവെള്ള പദ്ധതി | 2018-19 | 25-02-2019 | 8,42,534/- |
| 6 | എസ് സി കോളനികളിൽ കുഴൽ കിണർ നിർമ്മിച്ച് പൊതു ടാപ്പ് സജ്ജീകരിക്കൽ | 2018-19 | 23-03-2019 | 21,18,434/- |
| | | | | 1,26,98,638/- |

കുടിവെള്ള ക്ഷാമം അതീവ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്ന ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ പട്ടിക ജാതി കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പ്രോജക്കുകൾ പ്രകാരം മുൻകൂറായി നിക്ഷേപിച്ചിട്ടുള്ള 1,26,98,638/- രൂപായുടെ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കാതെ അവശേഷിക്കുന്നത് സമിതിയുടേയും വികസനകാര്യ സ്ഥിരം സമിതിയുടേയും ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു. പ്രവൃത്തി പൂർത്തീകരിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സത്വരം സ്വീകരിക്കേണ്ടതാണ്.

## 1-25 വാടക വരവ് - ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3ൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കടമുറികളുടെ വാടകയിനത്തിൽ 2015-16 വരെ 1 മുതൽ 6 വരെ കടമുറികളുടെ 79,200/-രൂപ ഈടാക്കാൻ ശേഷിക്കുന്നതായും 2016-17 മുതൽ നാളിതുവരെയുള്ള വാടക രജിസ്റ്ററോ തുക അടവാക്കിയതിന്റെ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2018-19ൽ അരിയർ ഡിമാന്റ് തുകകളൊന്നും വരവ് വരികയോ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2018-19 വർഷ ഡിമാന്റായ 2,88,000/-രൂപയിൽ 50,000/-രൂപ വരവ് വന്നതിന്റെ ബാലൻസ് ആയ 2,38,000/-രൂപ മാത്രമാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ 2019-20 വർഷം വാടക തുക (അരിയറും കറന്റും) ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ബാലൻസ് ഷീറ്റിൽ 2018-19 വർഷത്തെ ബാലൻസായി കാണിച്ചിരുന്ന 2,38,000/-രൂപ അതേപടി രേഖപ്പെടുത്തിയിരിക്കുന്നു.

വാടക തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും വിഷയം സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ചെങ്കിലും ഇത് സംബന്ധിച്ച് കമ്മിറ്റി തുടർനടപടി സ്വീകരിച്ചില്ല എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വാടക വാർഷിക ധനകാര്യ പത്രികയിൽ നിന്ന് തന്നെ ഒഴിവാക്കിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. തുടർന്നുള്ള വാർഷിക ധനകാര്യ പത്രികയിൽ വാടക കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്യുകയും ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ

സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10-07-20 | കെ.എസ്.എ.കെ.എൽ.എം-പി-3/825/20 തീയതി 13/11/2020 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് വിവരം വ്യക്തമാക്കി വേർതിരിച്ച് ലഭ്യമാക്കിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി, കൊട്ടാരക്കര | എസ് സി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | U.781007262 & U.781007264/ 2020 | 17,57,000/- | തുക പൂർണ്ണമായും ചെലവഴിച്ച | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനവായ്പ | ജി.ഒ(എം.എസ്) നം-90/13 /ത.സ്വ.ഭ.വ- 14-03-2013 | 12,54,65,354/- | 14,51,631/- | 14,51,631/- | - | - |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 14,81,43,876/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 9,80,51,780/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1,04,20,006/- |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 50,54,734/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-13 | 2,50,000/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-15 | 8,17,600/- | ശ്രീ. വിക്രമൻ പിള്ള, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-18 | 42,97,672/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും |
|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2002-03 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2005-06 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2006-07 | കെ.എസ്.എകെ.എൽ.എം-പി-3/27/18 തീയതി 08-02-2018 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1535(4)/14 തീയതി 09-07-14 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1535(3)/14 തീയതി 09-07-14 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1535(2)/14 തീയതി 09-07-14 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1535(1)/14 തീയതി 09-07-14 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-370/14 തീയതി 16-09-14 |
| 2012-13 &2013-14 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15 തീയതി 16-11-15 |
| 2014-15 &2015-16 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-530/17 തീയതി 22-03-2027 |
| 2016-17 | കെ.എസ്.എകെ.എൽ.എം-പി-3/1953/2017 തീയതി 17-11-2017 |
| 2017-18 | കെ.എസ്.എകെ.എൽ.എം-പി-3/1938/2018 തീയതി 28-02-2019 |
| 2018-19 | കെ.എസ്.എകെ.എൽ.എം-പി-3/824/2020 തീയതി 11-01-2021 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധപത്രികകൾ

### അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.